# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1470** — **14.12.2012- ലെ മറുപടിക്ക്**

## സംസ്ഥാനത്ത് നടപ്പാക്കുന്ന വൻകിട പദ്ധതികൾ

**ചോദ്യം**

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി:
,, വി.എം. ഉമ്മർ മാസ്റ്റർ:
,, എൻ. ഷംസുദ്ദീൻ:
,, കെ.എൻ.എ. ഖാദർ:

(എ) സംസ്ഥാനത്തു നടപ്പാക്കുന്ന വൻകിട പദ്ധതികൾക്ക് ആവശ്യമായ പണം കണ്ടെത്തുന്നതിനായി സ്വകാര്യ വിദേശ പങ്കാളിത്തം തേടുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി പ്രത്യേക ഏജൻസി രൂപവത്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദവിവരം നൽകാമോ;

(സി) പദ്ധതികൾ നിശ്ചിത സമയപരിധിക്കകത്ത് പൂർത്തിയാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കാനും എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്**
(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) ഇക്കാര്യത്തിൽ സർക്കാർ ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല. എന്നാൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സമീപന രേഖയിൽ പറഞ്ഞിട്ടുള്ളതു പോലെ പൊതുസ്വകാര്യ പങ്കാളിത്ത മേഖലയിൽ പുതിയ വ്യവസായ, അടിസ്ഥാന സൗകര്യ വികസനത്തിന് പ്രോത്സാഹനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി)യും (സി)യും സംസ്ഥാനത്ത് വിവിധ പദ്ധതികളിൽ പൊതു സ്വകാര്യ പങ്കാളിത്തം ആകർഷിക്കുകയും അവയുടെ ഫീസിബിലിറ്റി പരിശോധിക്കുകയും ചെയ്യുന്നതിലേക്കായി ഒരു പ്രോജക്ട് ഫിനാൻസിംഗ് സെൽ സംസ്ഥാന ആസൂത്രണ ബോർഡിൽ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ഒരു പ്രോജക്ട് ഡയറക്ടർ, ഒരു ലീഗൽ കൺസൾട്ടന്റ്, ഒരു ഫിനാൻഷ്യൽ കൺസൾട്ടന്റ് മറ്റ് അനുബന്ധ സ്റ്റാഫ് എന്നിവർ ഉൾക്കൊള്ളുന്നു. ബന്ധപ്പെട്ട വകുപ്പുകൾ വഴിയും ഇതര ഏജൻസികൾ വഴിയുമാണ് പദ്ധതികൾ നടപ്പിലാക്കുക. പ്രോജക്ട് ഫിനാൻസിംഗ് സെൽ ഇക്കാര്യങ്ങൾക്കായുള്ള ഫെസിലിറ്റേറ്ററുടെ കർത്തവ്യം നിർവ്വഹിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.